# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1068** **10.06.2019-ൽ മറുപടിക്ക്**

### ലേബർ ക്യാമ്പുകളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളുടെ സ്ഥിതി ശോചനീയമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ഉണ്ട്. |
| (ബി) ഇത്തരം സ്ഥലങ്ങളിൽ നിന്നും പകർച്ചവ്യാധികൾ പടരുവാനുള്ള സാഹചര്യം ഗൗരവമുള്ളതായി കാണുന്നുണ്ടോ; | |
| (സി) ഇത്തരം ലേബർ ക്യാമ്പുകളിൽ നിരന്തരപരിശോധന നടത്തുന്നതിലും അവിടെ ആവശ്യമായ സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിലും തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉപേക്ഷ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ഇത്തരം ലേബർ ക്യാമ്പുകളിൽ നിരന്തരപരിശോധന നടത്തി വൃത്തിഹീനമായ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) യും (ഡി) യും ലേബർ ക്യാമ്പുകളിൽ നിരന്തരപരിശോധന നടത്തുന്നതിലും അവിടെ ആവശ്യമായ സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിലും തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉപേക്ഷ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ. (സാധാ)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി |

ഡയറക്ടർ (തദ്ദേശസ്വയം ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തുമ്പോൾ ഈ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ.